# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

## തിരുവള്ളൂർ ഗ്രാമപഞ്ചായത്ത്

## 2017-18

## ഓഡിറ്റ് റിപ്പോർട്ട്

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ല ഓഡിറ്റ് കാര്യാലയം

e-mail: dokkd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട സഹിതം)

നം.കെ.എസ്.എ/കെ.കെ.ഡി/പി.15/361/19

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,

സിവിൽ സ്റ്റേഷൻ, കോഴിക്കോട്

ഫോൺ-0495 2371012

ഇ-മെയിൽ:dokkd.ksad@kerala.gov.in

തീയ്യതി:23.11.2018

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

തിരുവള്ളൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : തിരുവള്ളൂർ ഗ്രാമപഞ്ചായത്ത്-2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് – സംബന്ധിച്ച്

***********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തിരുവള്ളൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, ഭാഗം 3 ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :-

1.കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2.പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്
3.കാര്യാലയ പകർപ്പ്

നം.കെ.എസ്.എ/കെ.കെ.ഡി/പി15/361/2019 തീയതി:23.03.2019

# കോഴിക്കോട് ജില്ലയിലെ തിരുവള്ളൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

കോഴിക്കോട് ജില്ലയിലെ തിരുവള്ളൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 12.08.2017 മുതൽ 25.02.2019 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 17 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ ഒരെണ്ണത്തിനും മറുപടി ലഭിച്ചിട്ടില്ല. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.സതീഷ് മാവേലി പുത്തൻവീട് , ഡെപ്യൂട്ടി ഡയറക്ടർ |

| | |
|---|---|
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 26.02.2019 മുതൽ 11.03.2019 വരെ |

| | | |
|---|---|---|
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ.കെ.സതീഷ്കുമാർ | ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ) |
| | ശ്രീ.കരുണാകരൻ.എം | അസി.ഓഡിറ്റ് ഓഫീസർ |
| | ശ്രീ.ജാസിർ.സി.എം | ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.എ മോഹനൻ | 01-4-17 മുതൽ 31-03-2018 വരെ |
| സെക്രട്ടറി | ശ്രീ.അനിൽകുമാർ നൊച്ചിയിൽ | 01-4-17മുതൽ 01-05-2017വരെ, 11-05-2017 മുതൽ 31-03-2018 വരെ |
| | ശ്രീ.രാജൻ കെ.എം (സെക്രട്ടറി ഇൻ ചാർജ്) | 02-05-2017 മുതൽ 10-05-2018 വരെ |

നിർവ്വഹണോദ്യാഗസ്ഥർ

| | ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|---|
| 1 | അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ.രാജൻ.കെ.എം | 01-04-2017 മുതൽ 21-06-2017 വരെ |
| | | ശ്രീ.കൃഷ്ണകുമാർ കെ | 03-07-2017 മുതൽ 31-03-2018 വരെ |
| 2 | വെറ്ററിനറി സർജൻ | ഡോ.സുനിൽ കുമാർ | 01-04-2017 മുതൽ 31-03-2018 വരെ |
| 3 | മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ.നഫീസ പി | 01-04-2017 മുതൽ 31-03-2018 വരെ |
| 5 | മെഡിക്കൽ ഓഫീസർ (ആയുർവ്വേദ) | ഡോ.സാജിദ പാലയാട്ടം പൊയിൽ | 01-04-2017 മുതൽ 31-03-2018 വരെ |
| 6 | ഹെഡ് മാസ്റ്റർ | ശ്രീമതി.ഷൈലജ വി.ആർ | 01-04-2017 മുതൽ 31-03-2018 വരെ |

| | | | |
|---|---|---|---|
| 7 | കൃഷി ഓഫീസർ | ശ്രീ.മൃദുൽ വിനോദ് പി. | 01-04-2017 മുതൽ 16-05-2017 വരെ |
| | | ശ്രീമതി.സ്മിത നന്ദിനി പി.കെ | 17-05-2017 മുതൽ 29-10-2017 വരെ |
| | | ശ്രീമതി.അഖില ജി.വി | 30-10-2017 മുതൽ 31-03-2018 വരെ |
| 8 | വി ഇ ഒ | ശ്രീ.ശൈല്ഷ് കുമാർ എം | 01-04-2017 മുതൽ 03-10-2017 വരെ |
| | | ശ്രീ.അനൂപ്കുമാർ പി | 04-10-2017 മുതൽ 31-03-2018 വരെ |
| 9 | അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി.അനശ്രീ വി.എസ് | 01-04-2017 മുതൽ 30-06-2017 വരെ |
| | | ശ്രീമതി.അനില കെ.കെ | 01-07-2017 മുതൽ 27-09-2017 വരെ |
| | | ശ്രീ.സഫീർ എസ്. | 27-09-2017 മുതൽ 31-12-2017 വരെ |
| | | ശ്രീ.സെയ്തലവി.ടി | 01-01-2018 മുതൽ 31-03-2018 വരെ |
| 10 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി.ശബ്നം | 01-04-2017മുതൽ 31-03-2018 വരെ |
| 11 | ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീ.മഹേഷ് കെ.കെ | 01-04-2017 മുതൽ 31-03-2018 വരെ |

| | | | |
|---|---|---|---|
| 12 | മെഡിക്കൽ ഓഫീസർ– സി.എച്ച്.സി തിരുവല്ലൂർ | ഡോ.ഉസ്മാൻ | 01-04-2017 മുതൽ 31-03-2018 വരെ |

<u>ഉള്ളടക്കം</u>



| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം ( ACR പ്രകാരം ) | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് പരിശോധന | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം. | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |

| | | |
|---|---|---|
| 12 | വാർഷിക കണക്കുകളിലെ അപാകതകൾ | 1-12 |
| | ഭാഗം - 2 | |
| 13 | ബജറ്റ് തയ്യാറാക്കിയതിലെ അപാകതകൾ | 2-1 |
| 14 | ബിൽഡിംഗ് പെർമിറ്റ് അപാകതകൾ | 2-2 |
| 15 | തൊഴിൽ നികുതി അപാകതകൾ | 2-3 |
| 16 | ആപത്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ - അപാകതകൾ | 2-4 |
| 17 | ഇ.എം.എസ്.സാംസ്കാരിക നിലയം ലൈബ്രറി പുസ്തകങ്ങളുടെ സൂക്ഷിപ്പിലെ അപാകതകൾ | 2-5 |
| | ഭാഗം - 3 | |
| 18 | മരാമത്ത് പ്രവൃത്തികളുടെ നിർവഹണത്തിൽ വീഴ്ച – വിവിധ ഫണ്ടിനങ്ങളിലായി വകയിരുത്തിയ വൻ തുക പാഴായി | 3-1 |
| 19 | പണി പൂർത്തകരിച്ച മരാമത്ത് പ്രവൃത്തികളുടെ ബില്ലുകൾ യഥാസമയം ട്രഷറിയിൽ സമർപ്പിക്കുന്നില്ല. | 3-2 |
| 20 | കേടായ ശർക്കര – തുക തിരികെ ഈടാക്കിയില്ല | 3-3 |
| 21 | മരാമത്ത് പ്രവൃത്തികളുടെ ഫയൽ സൂക്ഷിപ്പിൽ അപാകത | 3-4 |
| 22 | നെൽകൃഷിക്ക് വിത്ത്, വളം - കൂലി ചെലവ് സഹായം - ആവശ്യമായ രേഖകൾ ലഭ്യമാക്കാതെ ഗുണഭോക്താക്കൾക്ക് ആനുകൂല്യങ്ങൾ വിതരണം ചെയ്തു. | 3-5 |

| | | |
|---|---|---|
| 23 | ഡയറി ഫാം ഇൻസ്ട്രക്ടർ മുഖേന നടപ്പിലാക്കിയ പ്രോജക്ടുകളിലെ അപാകതകൾ | 3-6 |
| 24 | അസി.സെക്രട്ടറി നിർവഹണം നടത്തിയ പ്രോജക്ടുകളിലെ അപാകതകൾ | 3-7 |
| 25 | വിദ്യാർത്ഥികൾക്ക് പ്രഭാത ഭക്ഷണ പരിപാടി - മാർഗ നിർദ്ദേശങ്ങൾ പാലിക്കാതെ പ്രോജക്ട് നടപ്പിലാക്കി. | 3-8 |
| 26 | മാലിന്യ സംസ്കരണ മേഖലയിൽ പ്രോജക്ടുകൾ നടപ്പിലാക്കിയില്ല. | 3-9 |
| 27 | ഭിന്നശേഷിയുള്ളവർക്ക് സ്കോളർഷിപ്പ് - ജില്ലാ പഞ്ചായത്ത് വിഹിതം മുഴുവൻ വിനിയോഗിച്ചില്ല. | 3-10 |
| 28 | മുൻകൂർ ക്രമീകരിക്കാതെ അവശേഷിക്കുന്നു. | 3-11 |
| 29 | പുതുക്കിയ ശമ്പളത്തിന് ആനുപാതികമായി പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കുന്നില്ല. | 3-12 |
| 30 | ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 3-13 |
| | ഭാഗം - 4 | |
| 31 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 32 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 33 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |

| | | |
|---|---|---|
| 34 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 35 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 36 | ഓഡിറ്റ് റിക്കവറി | 4-6 |
| 37 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 38 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 39 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 40 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| 41 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം - 1 |



# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

27-03-2017 തീയതിയിലെ 77/2016-17 തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ/പരിഷ്കരിച്ച ബജറ്റ് 27-03-2018 തീയതിയിലെ 1/3015/2017-18 തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട്.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2018 | 29-05-2018 | | |

## 1-3 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 20-06-2018 മുതൽ 21-06-2018 വരെ | കെ.എസ്.എ.കെ.കെ.ഡി/ഇ2 /1111/20185(6) |

## 1-4 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 22346074.46 |
| വരവ് | 44509244 |
| ആകെ | 66855318.46 |
| ചെലവ് | 59671923 |
| നീക്കിയിരിപ്പ് | 7183395.46 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 17773796 | 17773796 | 13156360 | 4617436 |
| വികസന ഫണ്ട്- | 0 | 2864249 | 2864249 | 1790628 | 1073621 |

| | | | | | | |
|---|---|---|---|---|---|---|
| എസ്.സി.പി (ACR പ്രകാരം) | | | | | | |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | | 0 | 0 | 0 | 0 | 0 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | 0 | 8376874 | 8376874 | 4806169 | 3570705 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | 0 | 4736330 | 4736330 | 3624017 | 1112313 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | 0 | 8362685 | 8362685 | 2411205 | 5951480 |
| കെ.എൽ.എസ്. ജി.ഡി.പി (ACR പ്രകാരം) | | 0 | 4430643 | 4430643 | 4412071 | 18572 |
| സാക്ഷരത | | 0 | 106754 | 106754 | 106754 | 0 |
| ദുരിതാശ്വാസനിധി | | 5600 | 372 | 5972 | 0 | 5972 |
| എം.ജി.എൻ.ആർ. ഇ.ജി.എസ് | തൊഴിലാളികളുടെ കൂലി | 0 | 17951008 | 17951008 | 17951008 | 0 |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 305541 | 416975 | 722516 | 443370 | 279146 |

| | | | | | | |
|---|---|---|---|---|---|---|
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ | | | | | | |
| ഐ.സി.ഡി.എസ് പദ്ധതി | | 473541 | 1185847 | 1659388 | 944734 | 714654 |
| ശുചിത്വമിഷൻ | | 1568450 | 425500 | 1993950 | 1744700 | 249250 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ | | | | | | |
| വിമുക്തി ഫണ്ട് | | 25000 | 12500 | 37500 | 11450 | 26050 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 0 | 664500 | 664500 | 571000 | 93500 |
| | ജില്ലാ പഞ്ചായത്ത് | 0 | 648750 | 648750 | 343500 | 305250 |
| ബി ഫണ്ട് | | | | | | |
| തൊഴിൽ രഹിത വേതനം | | 0 | 109080 | 109080 | 109080 | 0 |
| വിധവകളുടെ പെൺമക്കൾക്ക് വിവാഹ ധനസഹായം | | 0 | 330000 | 330000 | 330000 | 0 |
| വാർദ്ധക്യകാല പെൻഷൻ | | 0 | 2115500 | 2115500 | 2115500 | 0 |
| അവിവാഹിതരായ അമ്പത് വയസ്സ് കഴിഞ്ഞ സ്ത്രീകൾക്കുള്ള പെൻഷൻ | | 0 | 441000 | 441000 | 441000 | 0 |
| ജനറൽ പർപ്പസ് ഗ്രാന്റ് | | 0 | 11979000 | 11979000 | 2713282 | 9265718 |
| തനത് ഫണ്ട് | കോർപ്പറേഷൻ ബേങ്ക് തനത് | 1526477.5 | 784316 | 2310793.5 | 1460409 | 850384.5 |

| | | | | | | |
|---|---|---|---|---|---|---|
| | ഫണ്ട് | | | | | |
| | സഹകരണ ബേങ്ക് മന്തരത്തൂർ | 2057468.96 | 9157997 | 11215465.96 | 8420577 | 2794888.96 |
| | ട്രഷറി അക്കൗണ്ട് | 16907538 | 13186188 | 30093726 | 28515976 | 1577750 |
| ട്രഷറി സ്പെഷ്യൽ ടി.എസ്.ബി ജോയിന്റ് വെഞ്ച്വർ | | 16907538 | 13186188 | 30093726 | 28515976 | 1577750 |
| എസ്.ബി.ടി ഇ-പേയ്മെന്റ് | | 47193 | 15088 | 62281 | 649 | 61632 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 181 | 74710408 | 78 | 35509073 | 22 | 81 | 43 |

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 17951008 | 17951008 | 17951008 | 0 |

| | | | | | |
|---|---|---|---|---|---|
| ഭരണചെലവുകൾ | 305541 | 416975 | 722516 | 443370 | 279146 |
| | 305541 | 18367983 | 18673524 | 18394378 | 279146 |

# 1-8 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 109080 | 167 |
| കർഷകതൊഴിലാളി പെൻഷൻ | 11759300 | 1020 |
| വിധവാപെൻഷൻ | 14406800 | 1208 |
| വാർദ്ധക്യകാലപെൻഷൻ | 21115500 | 1745 |
| വികലാംഗപെൻഷൻ | 5545000 | 459 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 441000 | 35 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 330000 | 11 |

# 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 28.02.2019 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 50985/- രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

2 പാർട്ട് ടൈം ജീവനക്കാരുൾപ്പെടെ 17 ജീവനക്കാർ ജോലി ചെയ്യുന്ന കാര്യാലയത്തിലെ ജീവനക്കാർക്ക് 19-10-2017 ലെ എ1-21/2016-ാം നമ്പർ ഉത്തരവ് പ്രകാരം ജോലി കൃത്യമായി വിഭജിച്ചു നൽകിയിട്ടുണ്ട്. ഡിസ്ട്രിബ്യൂഷൻ രജിസ്റ്റർ, പേഴ്സണൽ രജിസ്റ്റർ എന്നിവ സൂചിക സോഫ്റ്റ്‌വെയറിലൂടെയാണ് കൈകാര്യം ചെയ്യുന്നത്. തപാലുകൾ ജീവനക്കാർക്ക് കൃത്യമായി വിതരണം ചെയ്യുന്നുണ്ട്. കാര്യാലയത്തിൽ സൂക്ഷിക്കേണ്ടതായ അറ്റന്റൻസ് രജിസ്റ്റർ, കാഷ്വൽ ലീവ് രജിസ്റ്റർ, ഓഫീസ് ഓർഡർ രജിസ്റ്റർ എന്നിവ എഴുതി സൂക്ഷിക്കുന്നുണ്ട്.

എല്ലാ മാസവും സ്റ്റാഫ് മീറ്റിംഗുകൾ നടത്തുന്നതായി രജിസ്റ്റർ പരിശോധിച്ചതിൽ ബോധ്യപ്പെട്ടിട്ടുണ്ട്.

2 വില്ലേജ് ഓഫീസുകൾ ഉൾപ്പെടുന്നതും ഭൂവിസ്തൃതി 27.54 ചതുരശ്ര കിലോമീറ്ററുമാണ്. 35000 ത്തിൽ പരം ജനസംഖ്യയുള്ള പഞ്ചായത്ത് വടകര നഗരസഭയോട് ചേർന്നിരിക്കുന്ന പ്രദേശമാകയാൽ അതിവേഗം നഗരവത്കരിക്കപ്പെടുന്നതും ധാരാളം നിർമ്മാണ പ്രവർത്തനങ്ങളും വികസന പ്രവർത്തനങ്ങളും നടന്നു വരുന്നതുമാണ്. വർഷത്തിൽ 9000 ത്തിനോടടുത്ത് തപാലുകൾ കൈകാര്യം ചെയ്യേണ്ടി വരുന്ന പഞ്ചായത്തിൽ 3 സീനിയർ ക്ലാർക്കുമാരും 4 ക്ലാർക്കുമാരും 1 സൂപ്പർന്യൂമററി ക്ലാർക്കും മാത്രമാണുള്ളത്.

ജനങ്ങൾക്ക് ലഭിക്കേണ്ട സേവനങ്ങൾ സമയബന്ധിതമായി നൽകുന്നതിന് ജീവനക്കാരുടെ അപര്യാപ്തത കാരണമാകുന്നതായി ഓഡിറ്റ് വിലയിരുത്തുന്നു.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 22-05-2018 | 01-04-2018മുതൽ 30-04-2018 വരെ | റിപ്പോർട്ട് കിട്ടിയിട്ടില്ല. |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 09-10-2017 | 2011-12 മുതൽ 2016-17 വരെ | എൽ.ബി.എ (എച്ച്.ക്യൂ) 4/8എ-2692/233, തിയ്യതി-30-10-2017 |

## 1-12 വാർഷികകണക്കുകളിലെ അപാകതകൾ

ഖണ്ഡിക 1-3 ൽ പരാമർശിച്ച സാക്ഷ്യപത്രത്തിൽ ഉൾപ്പെട്ട അപാകതകളിൽ ചുവടെ ചേർത്തവ പരിഹരിക്കുവാൻ അവശേഷിക്കുന്നു.

1. ആസ്തികൾക്ക് ഇൻകം & എക്സ്പെൻഡീച്ചർ അക്കൗണ്ടിൽ (1-17(എ) ഡിപ്രീസിയേഷൻ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ആസ്തി രജിസ്റ്റർ പൂർണ്ണമല്ല. സചിത്രയിൽ മൂലധന ആസ്തികൾ (Capital Asset) ഉൾപ്പെടുത്തിയിട്ടില്ല.

2. സഞ്ചയ ഡി.സി.ബി. രജിസ്റ്റർ പ്രകാരം 1289520/- രൂപയാണ് വസ്തു നികുതി കുടിശ്ശികയുള്ളത്. എന്നാൽ 2016-17 സാമ്പത്തിക വർഷത്തിന്റെ ഷെഡ്യൂൾ ബി.15 പ്രകാരം ആകെ വസ്തു നികുതി കുടിശ്ശിക 1753366/- രൂപയാണ്.

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ബജറ്റ് തയ്യാറാക്കിയതിലെ അപാകതകൾ

കേരളപഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ -214, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള ബഡ്ജറ്റ് മാന്വൽ എന്നിവ പ്രകാരം ബജറ്റ് തയ്യാറാക്കുമ്പോൾ ചുവടെ ചേർക്കുന്ന കാര്യങ്ങൾ ശ്രദ്ധിക്കേണ്ടതാണ്.

(1)ഡിസംബർ അവസാന വാരം ഉദ്യോഗസ്ഥരുടെ പക്കൽ നിന്നും (ഘടക സ്ഥാപനങ്ങളിലെ ഓഫീസ് തലവന്മാരിൽ നിന്നും) തന്നാണ്ടു വർഷത്തെ റിവൈസ്ഡ് ബജറ്റിനുള്ള പ്രൊപ്പോസലുകളും ബജറ്റ് വർഷത്തേക്കുള്ള പ്രൊപ്പോസലുകളും സെക്രട്ടറി ആവശ്യപ്പെടേണ്ടതാണ്.

(2)സെക്രട്ടറി ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥരിൽ നിന്നും ലഭിച്ച നിർദ്ദേശങ്ങൾ ജനുവരി മാസം ആദ്യ വാരത്തിൽ ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികളിൽ ചർച്ച ചെയ്ത് തീരുമാനിക്കണം. ജനുവരി 15 നകം സ്റ്റാന്റിംഗ് കമ്മിറ്റികളുടെ നിർദ്ദേശങ്ങൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് ലഭിക്കണം.

(3)ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഈ നിർദ്ദേശങ്ങൾ ചർച്ച ചെയ്ത് വരുമാന സ്രോതസ്സുകളുടെ അടിസ്ഥാനത്തിൽ കരട് ബജറ്റ് തയ്യാറാക്കുകയും ആവശ്യമെങ്കിൽ മറ്റ് സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാരെയും ഉദ്യോഗസ്ഥരെയും ക്ഷണിക്കേണ്ടതുമാണ്. കരട് ബജറ്റ് തയ്യാറാക്കി കഴിഞ്ഞാൽ പ്രത്യേക യോഗം വിളിച്ച് ബജറ്റ് അവതരിപ്പിക്കേണ്ടതാണ്.

എന്നാൽ തിരുവള്ളൂർ ഗ്രാമപഞ്ചായത്തിൽ മേൽ നടപടിക്രമങ്ങളോടെയല്ല ബജറ്റ് അംഗീകരിച്ചിരിക്കുന്നത്. 28/03/2017 നാണ് ബജറ്റ് തയ്യാറാക്കുന്നതിനായി യോഗം ചേർന്നത്. ബജറ്റ് പാസ്സാക്കുന്നതിന് മുമ്പായി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി റവന്യൂ ചെലവുകൾക്കായി സെക്രട്ടറി ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥരിൽ നിന്നും നിർദ്ദേശങ്ങൾ ആവശ്യപ്പെടുകയോ വിവിധ ഘടകസ്ഥാപനങ്ങളിലെ വരവ്-ചെലവ് സംബന്ധിച്ച

സംക്ഷിപ്തം തയ്യാറാക്കുകയോ ചെയ്തതായി കാണുന്നില്ല.

അപാകതകൾ ആവർത്തിക്കാതിരിക്കാൻ ബജറ്റ് രൂപീകരണ പ്രക്രിയയിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ബജറ്റ് മാന്വലിലും പഞ്ചായത്ത് രാജ് ചട്ടങ്ങളിലും പരാമർശിക്കുന്ന നടപടിക്രമങ്ങൾ പാലിക്കപ്പെടുന്നുണ്ട് എന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

## 2-2 ബിൽഡിംഗ് പെർമിറ്റ് അപാകതകൾ

ബിൽഡിംഗ് പെർമിറ്റ്, കംപ്ലീഷൻ, ക്രമവത്കരണം, പെർമിറ്റ് പുതുക്കൽ എന്നിവയുമായി ബന്ധപ്പെട്ട് സ്ഥാപനത്തിൽ ലഭിച്ചിട്ടുള്ള അപേക്ഷകൾ, ബിൽഡിംഗ് പെർമിറ്റ് അപേക്ഷാ രജിസ്റ്ററുകൾ, ക്രമവത്കരണ അപേക്ഷാ രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1.2017-18 ൽ ആകെ ലഭിച്ച 682 അപേക്ഷകളിൽ 201 എണ്ണവും ക്രമവത്കരണത്തിനുള്ളതാണ്. അനധികൃത കെട്ടിട നിർമ്മാണങ്ങൾ യഥാസമയം കണ്ടെത്തുന്നതിൽ വീഴ്ച സംഭവിക്കുന്നതാണ് ക്രമവത്കരണ അപേക്ഷകൾ വർദ്ധിക്കുന്നതിന് കാരണം

2.കെട്ടിട പെർമിറ്റ് അനുവദിച്ച അപേക്ഷകളിൽ നിർമ്മാണം പൂർത്തീകരിക്കുമ്പോൾ പൂർത്തീകരണ വിവരം പെർമിറ്റ് രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല. ഇത് കാരണം പെർമിറ്റ് കാലാവധിക്കുള്ളിൽ നിർമ്മാണം പൂർത്തീകരിക്കുകയോ കാലാവധിക്ക് ശേഷം പെർമിറ്റ് പുതുക്കുകയോ ചെയ്യാത്ത കെട്ടിടങ്ങളെ കണ്ടെത്താൻ സാധിക്കുന്നില്ല.
3.പെർമിറ്റ് രജിസ്റ്ററിൽ മുഴുവൻ കോളങ്ങളിലും വിവരങ്ങൾ രേഖപ്പെടുത്തുന്നില്ല.
അപാകതകൾ പരിഹരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്

## 2-3 തൊഴിൽ നികുതി അപാകതകൾ

i)ഡിമാൻഡ് രജിസ്റ്റർ സൂക്ഷിപ്പിലെ അപാകത

2017-18 സാമ്പത്തിക വർഷത്തിൽ കച്ചവടക്കാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയതിന്റെ വിവരങ്ങൾ ഡിമാൻഡ്റജിസ്റ്ററിൽ അപൂർണ്ണമാണ്. കച്ചവടക്കാരന്റെ പേരും വിലാസവും ഈടാക്കിയ തുകയും മാത്രമാണ് രേഖപ്പെടുത്തിയിരിക്കുന്നത് . ജോലി, സ്ഥാപനം, അർദ്ധവാർഷിക വരുമാനം,സ്ലാബ് എന്നിവ രേഖപ്പെടുത്തിയിട്ടില്ല. കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 205 ഐ പ്രകാരം, ഓരോ സ്ഥാപനത്തിനും പ്രത്യേക പേജുകൾ അനുവദിച്ചുകൊണ്ട് വാർഡ് തിരിച്ചുള്ള ഡിമാൻഡ് രജിസ്റ്ററും സൂക്ഷിച്ചിട്ടില്ല.

ii)തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

2017-18 സാമ്പത്തിക വർഷത്തിൽ ലഭിച്ചിട്ടുള്ള ഡി&ഒ ലൈസൻസ് അപേക്ഷകൾ പരിശോധിച്ചതിൽ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന മുഴുവൻ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല.

ഉദാ.ശ്രീ.അബ്ദുൾ ജബ്ബാർ കരുവാൻകുന്നത്ത്. തിരുവള്ളൂർ പി.ഒ -ടീ സ്റ്റാൾ -ജീവനക്കാരുടെ എണ്ണം-2 സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി റിട്ടേൺ സ്ഥാപന ഉടമകൾ പഞ്ചായത്തിൽ സമർപ്പിക്കുകയോ അവരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയതായി ഡിമാന്റ് റജിസ്റ്ററിൽ രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല. മേൽ സ്ഥാപനങ്ങളിലെ മുഴുവൻ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ ജീവനക്കാരന്റെ പേര്, അർദ്ധവാർഷിക വരുമാനം, ഈടാക്കിയ നികുതി, രസീത് നം, തീയതി സഹിതം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

3)സ്ഥാപന തൊഴിൽ നികുതി/ജീവനക്കാരുടെ തൊഴിൽ നികുതി എന്നിവ ഈടാക്കിയിട്ടില്ല

ചുവടെ ചേർക്കുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി/ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

(1)അക്ഷയ സെന്റർ-തിരുവള്ളൂർ, കോട്ടപ്പള്ളി (ജീവനക്കാരുടെ തൊഴിൽ നികുതി ഉൾപ്പെടെ)

(2)എം.ജി.എൻ.ആർ.ഇ.ജി.എ തോടന്നൂർ ബ്ലോക്ക് പഞ്ചായത്ത്

(5)ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന വിവിധ ക്ഷീരോൽപാദക സഹകരണ സംഘങ്ങൾ

(6)പ്ലാൻ എസ്റ്റിമേറ്റുമായി ബന്ധപ്പെട്ട് ജോലി ചെയ്തു വരുന്ന ലൈസൻസ്ഡ് ബിൽഡിംഗ് സൂപ്പർവൈസർമാർ

(7)ആധാരം എഴുത്തുകാർ

4)വാണിജ്യ/വ്യാവസായിക കെട്ടിടങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതിൽ അപാകത

സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം വാണിജ്യാവശ്യങ്ങൾക്കുള്ള 2457 കെട്ടിടങ്ങൾ നിലവിൽ ഗ്രാമപഞ്ചായത്തിലുണ്ട്. വേക്കൻസി റെമിഷന് വേണ്ടി 25 അപേക്ഷകളാണ് ലഭിച്ചിട്ടുള്ളത്. 331 ലൈസൻസ് അപേക്ഷകൾ ഓഡിറ്റ് വർഷത്തിൽ ഗ്രാമപഞ്ചായത്തിൽ ലഭ്യമായിട്ടുണ്ട്. മേൽ വിവരങ്ങളിൽ നിന്നും ലൈസൻസില്ലാതെ സ്ഥാപനങ്ങൾ ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാവുന്നു. ഫീൽഡ് പരിശോധന നടത്തി പഞ്ചായത്ത് പ്രദേശത്ത് അനുമതി കൂടാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ/കച്ചവടക്കാരെ കണ്ടെത്തി നടപടികൾ സ്വീകരിക്കാത്തതിനാൽ തൊഴിൽ നികുതിയിനത്തിൽ വരുമാന നഷ്ടം ഉണ്ടാകുന്നു.

ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന മുഴുവൻ കെട്ടിട ഉടമകൾക്കും നോട്ടീസ് നൽകിയും വാർഡ് തലത്തിൽ ഫീൽഡ് അന്വേഷണം നടത്തിയും പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ രജിസ്റ്റർ തയ്യാറാക്കിയും സ്ഥാപന ഉടമകളിൽ നിന്നും നിയമാനുസൃതം ലൈസൻസ്

എട്ടപ്പിച്ചതിന് ശേഷം തൊഴിൽ നികുതി ഈടാക്കുന്നതിനും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി നിർദ്ദേശങ്ങൾ നൽകാവുന്നതാണ്.

## 2-4 ആപത്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ - അപാകതകൾ

ഡി&ഒ ലൈസൻസിന്റെ വരവുമായി ബന്ധപ്പെട്ട പരിശോധനയുടെ ഭാഗമായി ഡിമാന്റ് രജിസ്റ്റർ, അപേക്ഷകൾ, വാർഷിക ധനകാര്യ പത്രിക എന്നിവ പരിശോധിച്ചതിൽ നിന്നും താഴെ പറയുന്ന അപാകതകൾ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്.

1)ചട്ടപ്രകാരം ലൈസൻസ് പുതുക്കുന്നില്ല

1996 ലെ കേരള പഞ്ചായത്ത് രാജ് (ആപത്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ, ചട്ടം 10 പ്രകാരം ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ ഏതൊരു വർഷവും അവസാനിക്കുന്നതിന് മുപ്പത് ദിവസം മുമ്പായി സമർപ്പിക്കേണ്ടതാണ്. കൂടാതെ, ചട്ടം 8 പ്രകാരം ഏതൊരു ലൈസൻസിന്റേയും കാലാവധി ആ സാമ്പത്തിക വർഷം അവസാനിക്കുന്നതും, അല്ലാത്ത പക്ഷം ലൈസൻസിന്റെ കാലാവധി പ്രസിഡന്റ് ഒരു മുൻ തിയ്യതിയിൽ അതിന്റെ കാലാവധി അവസാനിക്കണമെന്ന് പ്രത്യേക കാരണങ്ങളാൽ കരുതുകയാണെങ്കിൽ അതിൽ പ്രത്യേകം പറയാവുന്ന മുൻ തിയ്യതിയിൽ അവസാനിക്കുന്നതുമാകുന്നു.

2017-18 വർഷത്തിൽ ഗ്രാമ പഞ്ചായത്തിലെ ലൈസൻസ് പുതുക്കുന്നതിനായുള്ള അപേക്ഷകളും രജിസ്റ്ററും പരിശോധിച്ചതിൽ, 331 സ്ഥാപനങ്ങൾ ലൈസൻസ് പുതുക്കുന്നതിനും, പുതിയ ലൈസൻസിനുമായി അപേക്ഷിച്ചിട്ടുണ്ട്. മേൽ ചട്ടം പ്രകാരം ഗ്രാമപഞ്ചായത്തിൽ നിലവിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ എല്ലാം ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ 2017 ഫെബ്രുവരി മാസത്തിൽ തന്നെ നൽകേണ്ടതായിരുന്നു. എന്നാൽ ഇവയിൽ 60 എണ്ണം മാത്രമാണ് പുതുക്കുന്നതിനുള്ള അപേക്ഷ ഫെബ്രുവരിയിൽ നൽകിയത്. ബാക്കി സ്ഥാപനങ്ങൾ ഏപ്രിൽ മുതൽ മാർച്ച് വരെയുള്ള മാസങ്ങളിലായാണ് ലൈസൻസ് പുതുക്കിയിട്ടുള്ളത്. സാമ്പത്തിക വർഷം അവസാനിച്ച് പിന്നീട് ലൈസൻസ് പുതുക്കുന്നത് വരെ ഇത്തരം സ്ഥാപനങ്ങൾ നിയമവിരുദ്ധമായാണ് പ്രവർത്തിക്കുന്നത് എന്നത് ഗ്രാമപഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നു.

ചട്ടങ്ങളിൽ പറയുന്ന പ്രകാരമല്ലാതെ ലൈസൻസ് പുതുക്കി നൽകിയതിന് വിശദീകരണം നൽകേണ്ടതും, സ്ഥാപനങ്ങൾ നിയമവിരുദ്ധമായി പ്രവർത്തിക്കുന്നതിനുള്ള സാഹചര്യം ഒഴിവാക്കുന്നതിന് സ്വീകരിച്ച നടപടി വിശദീകരിക്കേണ്ടതുമാണ്.

2)ഡി &ഒ ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

1994ലെ കേരള പഞ്ചായത്ത് നിയമം, വകുപ്പ് 232 പ്രകാരം ഗ്രാമപഞ്ചായത്ത് പ്രദേശത്തിനുള്ളിലെ യാതൊരു സ്ഥലവും പരിസ്ഥിതി, പൊതുസുരക്ഷ,

പൊതുജനാരോഗ്യം മുതലായ പൊതു താൽപര്യങ്ങളെ ദോഷകരമായി ബാധിക്കുന്നതോ ശല്യകാരണമായി ഭവിക്കുന്നതോ ആയ വ്യവസായങ്ങൾ, ഫാക്ടറികൾ, വ്യാപാരങ്ങൾ, പണിസ്ഥലങ്ങൾ, മറ്റു സേവനങ്ങൾ എന്നിവക്കായി പൊതുവേയും നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള കാര്യങ്ങൾക്കായി പ്രത്യേകിച്ചും, സെക്രട്ടറി നൽകുന്ന ലൈസൻസിലെ വ്യവസ്ഥകൾക്കനുസൃതമായല്ലാതെ ഉപയോഗിക്കാൻ പാടുള്ളതല്ല. സഞ്ചയയിൽ നിന്ന് ലഭ്യമായ കണക്കുകൾ പ്രകാരം വാണിജ്യ/വ്യാവസായിക ആവശ്യങ്ങൾക്ക് വേണ്ടി ആകെ 2457 കെട്ടിടങ്ങൾക്ക് കെട്ടിടങ്ങൾക്ക് ഓഡിറ്റ് വർഷം നികുതി നിർണ്ണയിച്ചിട്ടുണ്ട്. 2017-18 വർഷത്തിൽ വാണിജ്യ/വ്യാവസായിക കെട്ടിടങ്ങൾ ഉപയോഗിക്കാത്തിനാൽ ഒഴിവായി കിടക്കുന്നതായി കാണിച്ച് നികുതി ഇളവിന് 25 അപേക്ഷകൾ ലഭ്യമായിട്ടുണ്ട്. മേൽ വിവരങ്ങളിൽ നിന്ന് 2432 കെട്ടിങ്ങൾ ഓഡിറ്റ് വർഷം വാണിജ്യ/വ്യവസായത്തിനായി ഉപയോഗപ്പെടുത്തുന്നു എന്ന് വ്യക്തമാണ്. എന്നാൽ ഓഡിറ്റ് വർഷം 331 പേർ മാത്രമാണ് ഡി & ഒ ലൈസൻസിനായി അപേക്ഷിച്ചിട്ടുള്ളത്. ലൈസൻസ് എടുക്കാൻ ബാദ്ധ്യസ്ഥരായ എല്ലാ കെട്ടിടങ്ങളും ലൈസൻസ് എടുക്കാതിരിക്കുന്നതിനാൽ ലൈസൻസ് ഫീസിനത്തിൽ ലഭിക്കേണ്ടുന്ന തുക പഞ്ചായത്തിന് നഷ്ടമാകുന്ന എന്നതിനോടൊപ്പം ലൈസൻസില്ലാതെ പ്രവർത്തിക്കുന്നത് പഞ്ചായത്ത് രാജ് ചട്ടങ്ങൾക്ക് വിരുദ്ധമാണെന്നും പരിസ്ഥിതി പൊതുജനസുരക്ഷ പൊതുജനാരോഗ്യം മുതലായ പൊതുതാല്പര്യങ്ങളെ സംരക്ഷിക്കുന്നതിന് ഗ്രാമപഞ്ചായത്തിന്റെ ഭാഗത്തുനിന്നുള്ള വീഴ്ചയാണെന്നും ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ കണ്ടെത്തുന്നതിന് യാതൊരു നടപടിയും ഗ്രാമപഞ്ചായത്ത് സ്വീകരിച്ചതായി കാണുന്നില്ല. വാണിജ്യ/വ്യാവസായിക ആവശ്യങ്ങൾക്കായി കെട്ടിടനമ്പർ നൽകിയ കെട്ടിടങ്ങളിൽ ഭൗതികപരിശോധന നടത്തി ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ നടപടി സ്വീകരിക്കേണ്ടതും എല്ലാ സ്ഥാപനങ്ങളെയും ലൈസൻസിന്റെ പരിധിയിൽ കൊണ്ടു വരുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

3)അപേക്ഷകൾ അപൂർണ്ണം

ഡി&ഒ ലൈസൻസ് അപേക്ഷകളിൽ ആവശ്യമായ മുഴുവൻ വിവരങ്ങളും രേഖപ്പെടുത്തുന്നില്ല. അപേക്ഷകളിൽ ആവശ്യമായ ഫീൽഡ് അന്വേഷണം നടത്തിയതിന് ശേഷം മാത്രം ലൈസൻസ് അനുവദിക്കേണ്ടതാണ്.

4)ട്രേഡേഴ്സ് ലിസ്റ്റ് അപൂർണ്ണം

സ്ഥാപനത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി സൂക്ഷിച്ചിട്ടുണ്ടെങ്കിലും ആധികാരികമല്ല. വാർഡ് അടിസ്ഥാനത്തിലല്ല ലിസ്റ്റ് തയ്യാറാക്കിയിരിക്കുന്നത്. ലൈസൻസ് അപേക്ഷകളിലെ വിവരങ്ങൾ മാറ്റിയെഴുതിയാണ് ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിരിക്കുന്നത്. കേരള പഞ്ചായത്ത്രാജ് നിയമം സെക്ഷൻ 205 ബി പ്രകാരം വ്യവസായ, വാണിജ്യ കെട്ടിടങ്ങളുടെ ഉടമസ്ഥനോടോ കൈവശക്കാരനോടോ നോട്ടീസ് മൂലം കെട്ടിടത്തിന്റെ ഉപയോഗം സംബന്ധിച്ച വിവരം തേടിയും ഫീൽഡ് പരിശോധന

നടത്തിയും ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കേണ്ടതാണ്.

ഡി & ഒ ലൈസൻസ് ഫീസ് നിർണ്ണയിക്കുന്നതുമായി ബന്ധപ്പെട്ട രേഖകളുടെ കൃത്യതയും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പുവരുത്തേണ്ടതാണ്.

## 2-5 ഇ.എം.എസ് സാംസ്കാരിക നിലയം ലൈബ്രറി പുസ്തകങ്ങളുടെ സൂക്ഷിപ്പിലെ അപാകതകൾ

4897 പുസ്തകങ്ങളാണ് ഇ.എം.എസ്. സാംസ്കാരിക നിലയത്തിൽ സ്റ്റോക്ക് രജിസ്റ്റർ പ്രകാരം നിലവിലുള്ളത്. ലൈബ്രറിയിലെ പുസ്തകങ്ങളുടെ സൂക്ഷിപ്പിൽ ചുവടെ ചേർത്തിട്ടുള്ള അപാകതകൾ കാണുന്നു.

1)3/07/2013 മുതൽ 12/12/2018 വരെ വിവിധ തിയ്യതികളിലായി വിതരണം ചെയ്ത പുസ്തകങ്ങളിൽ 128 പുസ്തകങ്ങൾ തിരികെ ലഭിക്കുവാനുണ്ട്.

2)ലൈബ്രറിയുടെ പ്രവർത്തനത്തെ സംബന്ധിച്ചുള്ള ബൈലോ തയ്യാറാക്കിയിട്ടില്ല.ലൈബ്രറി മെമ്പർഷിപ്പ് ഫീ ആയി 10 രൂപയും മാസവരിസംഖ്യ 1 രൂപയുമാണ് ഈടാക്കുന്നത്. പുസ്തകങ്ങൾ 7 ദിവസത്തേക്ക് കൈവശം വെയ്ക്കുന്നതിനാണ് അനുവദിച്ചിട്ടുള്ളത്. പുസ്തകങ്ങൾ വൈകി ലഭിക്കുന്ന വേളയിൽ ഫൈൻ ഈടാക്കുന്നില്ല.

3)ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥൻ പുസ്തകങ്ങളുടെ സ്റ്റോക്ക് ഭൗതിക പരിശോധന നടത്തി ഉറപ്പുവരുത്തുന്നില്ല.

4)2013-14 സാമ്പത്തിക വർഷത്തിലാണ് അവസാനമായി പുസ്തകങ്ങൾ വാങ്ങിയിരിക്കുന്നത്. 13/10/2013 ന് ശേഷം ലൈബ്രറിയിലേക്ക് പുസ്തകങ്ങൾ വാങ്ങിയിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 മരാമത്ത് പ്രവർത്തികളുടെ നിർവഹണത്തിൽ വീഴ്ച -വിവിധ ഫണ്ടിനങ്ങളിലായി വകയിരുത്തിയ വൻ തുക പാഴായി

അസി.എഞ്ചിനീയർ നിർവഹണ ഉദ്യോഗസ്ഥനായി ആകെ 135 പ്രൊജക്ടുകളാണ് സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കാനുദ്ദേശിച്ച് അനുമതി വാങ്ങിയത്. ആയതിന് വിവിധ ഫണ്ടിനങ്ങളിലായി 48215924 രൂപ വകയിരുത്തിയിട്ടുണ്ട്. അംഗീകാരം ലഭിച്ച 135 പ്രൊജക്ടുകളിൽ 62 എണ്ണവും സ്പിൽ ഓവർ പ്രൊജക്ടുകളാണ്. ആയതിൽ 57 പ്രൊജക്ടുകൾക്കായി ആകെ 17518209 രൂപ മാത്രമാണ് ചെലവഴിച്ചിരിക്കുന്നത്. (സ്പിൽഓവർ 50, പുതിയത് 7). അതായത് വകയിരുത്തിയ തുകയുടെ36.3% മാത്രമാണ്

സാമ്പത്തിക വർഷം ചെലവഴിച്ചിട്ടുള്ളത്. വികസന ഫണ്ട്, ധനകാര്യ കമ്മീഷൻ ഗ്രാന്റ്, ലോക ബാങ്ക് സഹായം, മെയിന്റനൻസ് ഗ്രാന്റ് എന്നീ ഇനങ്ങളിലായി 42575287 രൂപ വകയിരുത്തിയതിൽ 15333482 രൂപ മാത്രമാണ് സാമ്പത്തിക വർഷത്തിൽ ചെലവഴിച്ചിരിക്കുന്നത്. മേൽ ഫണ്ടിനങ്ങളിൽ 31.03.18 ന് ചെലവഴിക്കാനവശേഷിക്കുന്ന 27241805 രൂപ സർക്കാരിലേക്ക് തിരികെപ്പോയിട്ടുണ്ട്. എഗ്രീമെന്റ് രജിസ്റ്റർ പ്രകാരം തൻവർഷത്തിൽ ആരംഭിക്കുന്ന 73 പ്രൊജക്ടുകളിൽ48 പ്രൊജക്ടുകൾക്ക് മാത്രമാണ് കരാറുകാരുമായി എഗ്രീമെന്റിലേർപ്പെട്ടിരിക്കുന്നത്. നടപ്പിലാക്കാനുണ്ടായിരുന്ന 62 സ്പിൽഓവർ പ്രൊജക്ടുകളിൽ 50 എണ്ണം മാത്രമാണ് സാമ്പത്തിക വർഷത്തിൽ പൂർത്തീകരിച്ചിരിക്കുന്നത്. 12 സ്പിൽ ഓവർ പ്രൊജക്ടുകൾക്ക് തുകയൊന്നും ചെലവഴിക്കപ്പെട്ടിട്ടില്ല. ജി.ഒ.(എം.എസ്) നമ്പർ 72/17 തി29.3.17 ഖണ്ഡിക 6.8 പ്രകാരം സ്പിൽ ഓവർ പ്രൊജക്ടുകൾ സ്പിൽഓവർ ആയ അതെ വർഷത്തിൽ നിർബന്ധമായും പൂർത്തീകരിക്കേണ്ടതാണെന്ന് നിഷ്കർഷിക്കുന്നു. ആയതിനാൽ 12 സ്പിൽ ഓവർ പ്രവൃത്തികൾക്ക് തുടർ വർഷത്തിൽ തുക വകയിരുത്താൻ കഴിയാത്ത അവസ്ഥ സംജാതമായിരിക്കയാണ്. അപാകതകൾക്ക് കാരണം വിശദമാക്കാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതയ്ക്ക് വിശദമായി മറുപടി നലേകേണ്ടതാണ്. പ്രൊജക്ടുകളുടെ ബാഹുല്യം മരാമത്ത് പ്രവർത്തികളുടെ നിർവഹണത്തെ ബാധിച്ചിട്ടുണ്ടെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. പ്രൊജക്ടുകൾ പരിമിതപ്പെടുത്തി പ്രൊജക്ടുകൾക്ക് വകയിരുത്തുന്ന തുക വർദ്ധിപ്പിച്ച് തുടർ വർഷങ്ങളിൽ ഈ അപാകത പരിഹരിക്കാവുന്നതാണ്.

## 3-2 പണി പൂർത്തീകരിച്ച മരാമത്ത് പ്രവർത്തികളുടെ ബില്ലുകൾ യഥാസമയം ട്രഷറിയിൽ സമർപ്പിക്കുന്നില്ല.

അസി.എഞ്ചിനീയർ നിർവഹണ ഉദ്യോഗസ്ഥനായി സാമ്പത്തിക വർഷത്തിൽ ചെലവുരേഖപ്പെടുത്തിയ സ്പിൽ ഓവർ പ്രൊജക്ടുകളുടെ ഫയൽ പരിശോധിച്ചതിൽ മിക്ക പ്രവർത്തികളും 2016-17 സാമ്പത്തിക വർഷത്തിൽ തന്നെ പൂർത്തീകരിക്കപ്പെട്ടവയാണ്. മേൽ സാമ്പത്തിക വർഷത്തിൽ തന്നെ ബിൽ തയ്യാറാക്കി തുക ചെലവഴിക്കേണ്ട മേൽ പ്രൊജക്ടുകൾ യഥാസമയം ബിൽ തയ്യാറാക്കി ട്രഷറിയിൽ സമർപ്പിക്കാത്തതിനാൽ 2017-18 സമ്പത്തിക വർഷത്തിൽ സ്പിൽ ഓവർ പ്രൊജക്ടായി തുക വകയിരുത്തിയാണ് ബിൽ തുക അനുവദിച്ചിട്ടുള്ളത്. ഇത്തരത്തിൽ പൂർത്തീകരിക്കപ്പെട്ട പ്രവർത്തികളുടെ ബില്ലുകൾ യഥാസമയം ട്രഷറിയിൽ സമർപ്പിക്കാത്തതുമൂലം വിവിധ ഫണ്ടിനങ്ങളിൽ നല്ലൊരുതുക 2016-17/2017-18 സാമ്പത്തിക വർഷത്തിൽ പഞ്ചായത്തിന് നഷ്ടം സംഭവിച്ചിട്ടുണ്ട്. ഏതാനും ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| പ്രൊജക്ട് നമ്പർ/പേര് | പ്രവർത്തി പൂർത്തീകരിച്ച് അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ ചെക്ക് മെഷർ | ഫൈനൽ ബിൽ നൽകിയതിന്റെ വിവരം |
|---|---|---|

| | | |
|---|---|---|
| | ചെയ്യതിന്റ വിവരം | |
| 180/18 ആലച്ചേരി താഴ വാടിയിൽ ലക്ഷം വീട് റോഡ് | 19-1-17 (എം ബുക്ക് 83/14-15 പേജ് 18 | 70834 ബിൽ നമ്പർ 6/17-18 തി20-7-17 |
| 66/18 തിരുവള്ളൂർ ബാലവാടി റോഡ് | 11-1-17(എം ബുക്ക് 174/15-16 പേജ് 10 | ബിൽ നമ്പർ 4/17-18 തി 30.7.17 220000 |
| 92/17-18 മീത്തലെ വെള്ളിക്കാത്ത് താഴെ പുതിയോട്ടിൽ റോഡ് | 28-1-17(എം ബുക്ക് 183/15-16 പേജ് 9 | 199145<br>ഒഡർ നമ്പർ 8/28-6-17 |
| 89/17-18 അങ്കണ വാടി നോർത്ത് എൽ.പി സ്കൂൾ റോഡ് | 30.1.17(എം ബുക്ക് 189/15-16 പേജി 9 | 180000 ബിൽ നമ്പർ 10/17-18 20.7.17 |
| 170/17-18 ചാപ്പയിൽ മുക്ക് കുമുള്ളാം കണ്ടി റോഡ് പരിഷ്കരണം | 14-1-17 ( എം ബുക്ക് 63/14-15 പേജ് 20) | 45479 (ch 93121 dt25-8-17 |
| 80/17-18 മക്കൾ മുക്ക് കുടിവെള്ള പദ്ധതി | 30.1.17 (എം ബുക്ക് 199/15-16 പേജ് 10 | 390707 ബിൽ നമ്പർ 20/17-18 തി 18.1.18 |

പ്രവർത്തികൾ പൂർത്തീകരിക്കപ്പെട്ടിട്ടും യഥാസമയം ബില്ലുകൾ തയ്യാറാക്കി ട്രഷറിയിൽ സമർപ്പിക്കാത്തതിനാൽ 2016-17 വർഷം അത്രയും തുക വിവിധ ഗ്രാന്റിനത്തിൽ ഗ്രാപഞ്ചായത്തിന് നഷ്ടമാവുകയും, 2017-18 വർഷം മേൽ ചെലവ് നൽകുന്നതിനായി 2017-18 വർഷത്തെ ഗ്രാന്റിൽ നിന്നും വക കൊള്ളിച്ചതിനാൽ ടി വർഷം പുതിയ പ്രോജക്കുകൾക്ക് ഇത്രയും തുക കുറവാകുകയും ചെയ്തു. വകയിരുത്തിയ തുക നഷ്ടമായതിന് കാരണം വിശദമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി

ലഭ്യമാക്കിയിട്ടില്ല. അപാകതക്ക് മറുപടി ലഭ്യമാക്കിയും വരും വർഷങ്ങളിൽ ഇത്തരം അപാകതകൾ ആവർത്തിക്കാതെയും ഓഡിറ്റ് പരാമർശം ഒഴിവാക്കാവുന്നതാണ്.

## 3-3 കേടായ ശർക്കര-തുക തിരികെ ഈടാക്കിയില്ല

2016-17 സാമ്പത്തിക വർഷം ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണം നടത്തിയ അനുപൂരക പോഷകാഹാരം പദ്ധതി പ്രകാരം 31/1/2017 ന് വിതരണം ചെയ്ത 574.824 കി.ഗ്രാം ശർക്കര ഉപയോഗ യോഗ്യമല്ലാത്ത വിധത്തിൽ കേടായതാണെന്ന് 15/07/2017 ന് ചുമതലയുണ്ടായിരുന്ന ഐ.സി.ഡി.എസ് സൂപ്പർവൈസർ ഭരണസമിതിയെ അറിയിച്ചു. 31/07/2017 തിയ്യതിയിലെ 7/67(1)/2017-18 തീരുമാന പ്രകാരം ഐ.സി.ഡി.എസ് സൂപ്പർവൈസറുടെയും ഹെൽത്ത് ഇൻസ്പെക്ടറുടെയും റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കേടായ ശർക്കര ഗുരുതരമായ ആരോഗ്യ പ്രശ്നങ്ങൾക്ക് കാരണമാകും എന്ന കാരണത്താൽ നശിപ്പിക്കുന്നതിന് ഭരണസമിതി അനുമതി നൽകി. വടകര കോ-ഓപ്പറേറ്റീവ് റൂറൽ ബാങ്കിന്റെ ഉടമസ്ഥതയിലുള്ള ചെമ്മരത്തൂർ നീതി സ്റ്റോറിൽ നിന്നാണ് ശർക്കര വാങ്ങിയിരിക്കുന്നത്. 11/1/2017 നാണ് ശർക്കര നീതി സ്റ്റോറിൽ നിന്നും ഐ.സി.ഡി.എസ് സൂപ്പർവൈസർക്ക് വിതരണത്തിനായി കൈമാറിയിരിക്കുന്നത്. 31/7/2017 ന് ഭരണസമിതി ഉപയോഗ യോഗ്യമല്ലാത്ത 574.824 കി.ഗ്രാം ശർക്കരയുടെ വിലയായ 28166/- രൂപ (കി.ഗ്രാമിന് 49 രൂപ നിരക്കിൽ) തിരികെ ഈടാക്കുന്നതിന് ഐ.സി.ഡി.എസ് സൂപ്പർവൈറെ ചുമതലപ്പെടുത്തുകയും ആയതിന്റെ അടിസ്ഥാനത്തിൽ കേടായ ശർക്കരയുടെ വില തിരികെ ലഭ്യമാക്കാൻ ആവശ്യപ്പെട്ട് ഐ.സി.ഡി.എസ് സൂപ്പർവൈസർ 22-02-2018 ന് രജിസ്റ്റേർഡ് ആയി വടകര കോ-ഓപ്പറേറ്റീവ് റൂറൽ ബേങ്കിലേക്ക് കത്ത് നൽകിയിരുന്നു. എന്നാൽ തുടർ വിവരങ്ങൾ ഫയലിൽ ലഭ്യമല്ല.

ബാങ്കിന്റെ ഉടമസ്ഥതയിലുള്ള നീതി സ്റ്റോറിൽ നിന്നും തുക തിരികെ ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-4 മരാമത്ത് പ്രവർത്തികളുടെ ഫയൽ സൂക്ഷിപ്പിൽ അപാകത

അസി.എഞ്ചിനീയർ നിർവഹണം നടത്തിയ പ്രൊജക്ടുകളുടെ ഫയൽ പരിശോധനയിൽ ഫയൽ സൂക്ഷിപ്പിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1) കരാറുകാരന് പ്രവർത്തിയുടെ സെലക്ഷൻ നോട്ടീസ് അയക്കുന്ന രേഖകൾ ഫയലുകളിൽ സൂക്ഷിക്കുന്നില്ല.

2) പ്രവർത്തി ഏറ്റെടുത്ത കരാറുകാരന് സൈറ്റ് ഹാന്റ് ഓവർ ചെയ്യുന്നതിന്റെ രേഖകൾ ഫയലിൽ സൂക്ഷിക്കുന്നില്ല.

3)പ്രവർത്തികളുടെ പൂർത്തീകരണം സംബന്ധിച്ച മോണിട്ടറിംഗ് കമ്മറ്റി റിപ്പോർട്ട് ഫയലുകളിൽ ലഭ്യമല്ല.

4) പ്രവർത്തികളുടെ എസ്റ്റിമേറ്റിനോടൊപ്പം എസ്റ്റ്മേറ്റ് റിപ്പോർട്ട് പ്രൊജക്ട് ഫയലുകളിൽ ഉൾപ്പെടുത്തി സൂക്ഷിക്കുന്നില്ല .

6) VAT ,IT, K.C.W.W.F എന്നിവ അടവാക്കിയതിന്റെ വിവരം ഫയലുകളിൽ ലഭ്യമല്ല.

മേൽ അപാകതകൾപരിഹരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-5 നെൽകൃഷിക്ക് വിത്ത് ,വളം-കൂലിചെലവു സഹായം-ആവശ്യമായ രേഖകൾ ലഭ്യമാക്കാതെ ഗുണഭോക്താക്കൾക്ക് ആനുകൂല്യങ്ങൾ വിതരണം ചെയ്തു.

പ്രൊജക്ടനമ്പർ 38/19

വകയിരുത്തിയ തുക- 1048790

ചെലവുതുക 957362 രൂപ

കൃഷി ഓഫീസർ നിർവഹണ ഉദ്യോഗസ്ഥനായുള്ള മേൽ പ്രൊജക്ട പ്രകാരം പഞ്ചായത്ത് പരിധിയിലുള്ള വിവിധ പാടശേഖര സമിതികളിലെ കർഷകർക്ക് നെൽകൃഷിക്ക് വിത്ത്, കൂലിചെലവു സബ്സിഡി എന്നിവ വിതരണം ചെയ്തിട്ടുണ്ട്. ബന്ധപ്പെട്ട അപേക്ഷകൾ പരിശോധിച്ചതിൽ ഭൂരിഭാഗം കർഷകരും കൃഷിചെയ്യുന്ന സ്ഥലത്തിന്റെ വിസ്തൃതി സംബന്ധിച്ചരേഖകളൊന്നും അപേക്ഷയോടൊപ്പം ഹാജരാക്കാതെയാണ്. (ഭൂനികുതി അടവാക്കിയ രശീതി) ഗുണഭോക്താക്കൾക്ക് കൂലി ചെലവ് സഹായം വിതരണം ചെയ്തിരിക്കുന്നത്. കൂടാതെ ഭൂമി പാട്ടത്തിനെടുത്ത് കൃഷി ചെയ്യുന്നകർഷകരുടെ സംഗതിയിൽ പാട്ടത്തിനെടുത്തതിന്റെ രേഖകളും ഹാജരാക്കിയിട്ടില്ല. രേഖകൾ ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. കാർഷിക മേഖലയിലെ പ്രൊജക്ടുകൾ കൃഷിയും അനുബന്ധ മേഖലയിലുമുള്ള വർക്കിംഗ് ഗ്രൂപ്പോ, മേൽനോട്ട ചുമതലയുള്ള വികസനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയോ മോണിട്ടർ ചെയ്തു കാണുന്നില്ല. കർഷകരുടെ ഭൂവിസ്തൃതി സംബന്ധിച്ച രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയും, ഭൂമി പാട്ടത്തിനെടുത്തു കൃഷിചെയ്ത കർഷകരിൽ നിന്നും പാട്ടത്തിനെടുത്തതിന്റെ രേഖകൾ ലഭ്യമാക്കിയും ഓഡിറ്റ് പരാമർശം ഒഴിവാക്കാവുന്നതാണ്.

## 3-6 ഡയറി ഫാം ഇൻസ്ട്രക്ടർ മുഖേന നടപ്പിലാക്കിയ

## പ്രോജക്ടുകളിലെ അപാകതകൾ

സാമ്പത്തിക വർഷത്തിൽ ഡയറി ഫാം ഇൻസ്ട്രക്ടർ മുഖേന നടപ്പിലാക്കിയ പ്രോജക്ടുകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ താഴെക്കൊടുക്കുന്നു.

1 ക്ഷീര സംഘങ്ങൾക്ക് കൈമാറിയ തുകയുടെ വിനിയോഗ വിവരം ലഭ്യമായില്ല.

പ്രോജക്ട് നമ്പർ- 140/18

വകയിരുത്തിയ തുക- 700000

ചെലവുതുക- 700000(ബിൽ നമ്പർ 1/17-18 തി19.1.18 -400000

വൗച്ചർ നമ്പർ21700922തി 23.3.18 -300000

മേൽ പ്രോജക്ടുപ്രകാരം ഡയറി ഫാം ഇൻസ്ട്രക്ടർ 700000 രൂപപിൻവലിച്ച് പാലുത്പാദകർക്ക് ഇൻസന്റീവ് വിതരണം ചെയ്യുന്നതിനായി ചുവടെ ചേർത്തിരിക്കും പ്രകാരം വിവിധ ക്ഷീരസംഘങ്ങൾക്ക് കൈമാറിയിട്ടുണ്ട്.

| സംഘത്തിന്റെ പേര് | കൈമാറിയ തുക |
|---|---|
| തിരുവള്ളൂർക്ഷീരോത്പാദക സഹ.സംഘം | 225200 |
| തോടന്നൂർ ക്ഷീരോത്പാദക സഹ.സംഘം | 155572 |
| വെള്ളൂക്കര | 76566 |
| കോട്ടപ്പള്ള് | 242642 |
| ആകെ | 700000 |

സംഘങ്ങൾ തുക കൈപ്പറ്റിയതിനുള്ള കൈപ്പറ്റ് രശീതി, ഗുണഭോക്താക്കളുടെ ബാങ്ക് എകൗണ്ടുകളിലേക്ക് തുക ട്രാൻസ്ഫർ ചെയ്തതിന്റെ രേഖകൾ എന്നിവ പരിശോനക്ക് ഹാജരാക്കിയിട്ടില്ല.

2 <u>ക്ഷീര ഗ്രാമം പദ്ധതി - പ്രോജക്ടു നിർവഹണത്തിൽ അപാകതകൾ -</u>

പ്രോജക്ടുനമ്പർ -32/18

വകയിരുത്തിയ തുക -1100000

ചെലവുതുക - 400000(ബിൽ നമ്പർ 2/17-18 തി19-1-18 200000

3/17-18 തി31-1-18 100000

വൗച്ചർ നമ്പർ 21700942 തി 27-3-18-100000)

മേൽ പ്രൊജക്ട പ്രകാരം ഡയറി ഫാം ഇൻസ്ട്രക്ടർ 4 ലക്ഷം രൂപ പിൻവലിച്ച് ഒരു ഗുണഭോക്താവിന് 25000 രൂപ നിരക്കിൽ 16 പശുക്കളെ വിതരണം ചെയ്തതിന് വിൽപ്പന നടത്തിയ ആളിന്റെ ബാങ്ക് എകൗണ്ടുകളിലേക്ക് കൈമാറിയിട്ടുണ്ട്. പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ താഴെക്കൊടുക്കുന്നു

1-ആവശ്യമായ രേഖകൾ ലഭ്യമാക്കാതെ ഗുണഭോക്താക്കൾക്ക് ധനസഹായം വിതരണം ചെയ്തു.-

താഴെപ്പറയുന്ന ഗുണഭോക്താക്കൾ വരുമാനം തെളിയിക്കുന്ന രേഖകൾ ഹാജരാക്കിയില്ല

1 ശാന്തമ്മ പിലാക്കോട്ടൂർ. ചെമ്മരത്തൂർ

2 ഷൈമ തൈവച്ച പറമ്പത്ത് -ചെമ്മരത്തൂർ

3 നാരായണി.കെ കുനിയുള്ളതിൽ. ചെമ്മരത്തൂർ

2 - കരാറുടമ്പടി പരിശോധനക്ക് ഹാജരാക്കിയില്ല.

പശുക്കളെ വാങ്ങിയ താഴെപ്പറയുന്ന ഗുണഭോക്താക്കളുമായി പശുക്കളുടെ പരിപാലനം സംബന്ധിച്ച് നിർവഹണ ഉദ്യോഗസ്ഥൻ ഏർപ്പെട്ട കരാറുടമ്പടി പരിശേധനക്ക് ഹാജരാക്കിയിട്ടില്ല

1 സരോചിനി തടത്തിൽ – ചെമ്മരത്തൂർ

2 ശ്രേയ നെച്ചോളി - തിരുവള്ളൂർ.

3 ഗീത എം മേപ്പാട്ട് – വെള്ളൂക്കര

3 ജില്ലാപഞ്ചായത്ത് വിഹിതം പൂർണമായും വിനിയോഗിച്ചില്ല.- പ്രൊജക്ടിനായി ജില്ലാപഞ്ചായത്ത് വിഹിതമിനത്തിൽ വകയിരുത്തിയ 2 ലക്ഷം രൂപ ഗ്രാമപഞ്ചായത്തിന് ലഭ്യമായിട്ടുണ്ട്. ലഭ്യമായ തുകയിൽ ഒരുലക്ഷം രൂപ മാത്രമെ സാമ്പത്തിക വർഷത്തിൽ വിനിയോഗിക്കപ്പെട്ടിട്ടുള്ളൂ. അവശേഷിക്കുന്ന ഒരുലക്ഷം രൂപ ചെലവഴിക്കാതെ ഗ്രാമപഞ്ചായത്തിന്റെ സംയുക്ത പ്രൊജക്ടുകൾക്കായുള്ള എകൗണ്ടിൽ അവശേഷിച്ചിരിക്കയാണ്.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി മറുപടി ലഭ്യമാക്കിയിട്ടില്ല. ക്ഷീരസംഘങ്ങൾക്ക് കൈമാറിയ തുകയുടെ വിനിയോഗവിവരം ലഭ്യമാക്കിയും, പശുക്കളെ വിതരണം ചെയ്ത ഖണ്ഡിക 2 ൽ പരാമർശിച്ച ഗുണഭോക്താക്കളിൽ നിന്നും ആവശ്യമായ രേഖകൾ ലഭ്യമാക്കിയും, വിനിയോഗിക്കാതെ അവശേഷിക്കുന്ന ജില്ലാപഞ്ചായത്ത് വിഹിതം തിരിച്ചടവാക്കിയും ഓഡിറ്റ് തടസ്സം ഒഴിവാക്കാവുന്നതാണ്. ക്ഷീരസംഘങ്ങൾക്ക് കൈമാറിയ 700000 രൂപ വിനിയോഗ വിവരത്തിന്റെ അഭാവത്തിൽ തടസ്സത്തിൽ വെക്കുന്നു.

## 3-7 അസി.സെക്രട്ടറി നിർവഹണം നടത്തിയ പ്രൊജക്ടുകളിലെ അപാകതകൾ

അസി.സെക്രട്ടറി നിർവഹണം നടത്തിയ പ്രൊജക്ടുകളുടെ പരിശോധനയിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. വിദ്യാർത്ഥികൾക്ക് പഠന മുറി- മുൻകൂർ കൈപറ്റിയ ഗുണഭോക്താക്കൾ നിർമാണം പൂർത്തീകരിച്ചില്ല.

പ്രൊജക്ട് നമ്പർ -167/17-18

വകയിരുത്തിയ തുക – 1000000

ചെലവുതുക 450000(ബിൽ നമ്പർ 4/17-18 തി 29-1-18)

ഒൻപത് S.C. ഗുണഭോക്താക്കൾക്ക് സാമ്പത്തിക വർഷത്തിൽ പഠനമുറി നിർമാണത്തിനായി ആദ്യഗഡു വിതരണം ചെയ്തിട്ടുണ്ട്. (9x50000=450000) ആയതിൽ മൂന്ന് ഗുണഭോക്താക്കൾ നാളിതുവരെയും നിർമാണം പൂർത്തീകരിച്ച് അവസാന ഗഡു കൈപറ്റിയിട്ടില്ല. വിശദവിവരം താഴെക്കൊടുക്കുന്നു

| ഗുണഭോക്താവിന്റെ പേര് | കൈപറ്റിയ തുക | റിമാർക്സ് |
|---|---|---|
| മനോജൻ കോമൻ കൈകുനി | 50000 | |
| സുരേന്ദ്രൻ .കെ.ടി. കൊയിലോത്ത് തറേമ്മൽ | 50000 | |
| ബവിത പാറക്കെട്ടിൽ | 50000 | മകൾ സ്നേഹ വിദ്യാർത്ഥിയാണെന്ന് തെളിയിക്കുന്ന രേഖ ഹാജരാക്കിയിട്ടില്ല. |

നിർമാണം പൂർത്തീകരിച്ചിട്ടില്ലാത്ത ഗുണഭോക്താക്കളിൽനിന്നും അഡ്വാൻസ് ഇനത്തിൽ കൈപറ്റിയ തുക തിരികെ ഈടാക്കാൻ നടപടികൾ കൈകൊള്ളേണ്ടതാണ്.

2 പട്ടികജാതി യുവാക്കൾക്ക് ഓട്ടോറിക്ഷ വാങ്ങാൻ സബ്സിഡി- ആവശ്യമായ രേഖകൾ ലഭ്യമാക്കിയില്ല.

പ്രൊജക്റ്റ് നമ്പർ- 168/18

വകയിരുത്തിയ തുക- 300000

ചെലവുതുക- 200000(ബിൽ നമ്പർ 6/17-18 തി 17.2.18-100000

7/17-18 തി 15.3.18-100000)

4 ഗുണഭോക്താക്കൾക്ക് ഓട്ടോറിക്ഷ വാങ്ങുന്നതിനുള്ള ധനസഹായമായി 50000 രൂപ നിരക്കിൽ മേൽ ആവശ്യത്തിന് വായ്പ അനുവദിച്ച ബാങ്കുകൾക്ക് ബാക്ക് എൻഡ് സബ്സിഡി ഇനത്തിൽ കൈമാറിയിട്ടുണ്ട്. ബന്ധപ്പെട്ട ഫയലുകൾ പരിശോധിച്ചതിൽ ആവശ്യമായ മുഴുവൻ രേഖകളും ലഭ്യമാക്കാതെയാണ് ധനസഹായം വിതരണം ചെയ്തിരിക്കുന്നത്. ലഭ്യമാക്കേണ്ട രേഖകളുടെ വിശദവിവരം താഴെക്കൊടുക്കുന്നു.

| ഗുണഭോക്താവിന്റെ പേര് | ലഭ്യമാക്കേണ്ട രേഖകൾ |
|---|---|
| രജീഷ് പൂളച്ചോട്ടിൽ- ചാനിയംകടവ് | വാഹനത്തിന്റെ certificate of Registration |
| ബബീഷ് . പിലാത്തോട്ടത്തിൽ | വാഹന പരിപാലനവുമായി ബന്ധപ്പെട്ട് ഗുണഭോക്താവുമായി ഏർപ്പെട്ട കരാറുടമ്പടി |

ബന്ധപ്പെട്ട രേഖകൾ പരിശോധനക്ക് ഹാജരാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. പഠനമുറി നിർമാണം പൂർത്തീകരിച്ചിട്ടില്ലാത്ത ഗുണഭോക്താക്കളിൽനിന്നും അഡ്വാൻസ് ഇനത്തിൽ നൽകിയ 150000 രൂപ തടസത്തിൽ വെക്കുന്നു. അഡ്വാൻസ് ഇനത്തിൽ കൈപറ്റിയ തുക തിരികെ ഈടാക്കിയും ഓട്ടോറിക്ഷ ധനസഹായം കൈപറ്റിയ ഗുണഭോക്താക്കളിൽ നിന്നും ആവശ്യമായ രേഖകൾ ലഭ്യമാക്കിയും ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-8 വിദ്യാർത്ഥികൾക്ക് പ്രഭാത ഭക്ഷണ പരിപാടി-മാർഗ നിർദ്ദേശങ്ങൾ പാലിക്കാതെ പ്രൊജക്റ്റ് നടപ്പിലാക്കി.

പ്രൊജക്റ്റ് നമ്പർ -171/17-18

വകയിരുത്തിയ തുക – 150000 (ബിൽ നമ്പർ 2/17-18 തി 9.1.18 – 52600 രൂപ)

3/17-18 തി 12.2.18 – 32137 രൂപ

4/17-18 തി 22.2.18 – 59840 രൂപ

5/17-18 തി24.3.18 – 5423) രൂപ

വിദ്യാർത്ഥികൾക്ക് പ്രഭാത ഭക്ഷണം നൽകുന്ന മേൽ പ്രൊജക്ട് പ്രകാരം 150000 രൂപയുടെ സാധനങ്ങൾ ത്രിവേണി സൂപ്പർമാർക്കറ്റ് മുഖേന വാങ്ങി പഞ്ചായത്ത് പരിധിയിലുള്ള 22 L.P/U.P സ്കൂളുകൾക്ക് കൈമാറിയിട്ടുണ്ട്. സ.ഉ.(എം.എസ്) നമ്പർ 80/2017 ത സ്വ.ഭ.വ തി 3.4.17 ഖണ്ഡിക 21(4) പ്രകാരം സർക്കാർ മേഖലയിലുള്ള L.P/UP സ്കൂൾ കുട്ടികൾക്ക് പ്രഭാത ഭക്ഷണം നൽകുന്ന പദ്ധതി ഗ്രാമപഞ്ചായത്തുകൾക്ക് ഏറ്റെടുക്കാവുന്നതാണ്. എന്നാൽ ഗ്രാമപഞ്ചായത്തു പരിധിയിലുള്ള മൊത്തം പ്രൈമറി സ്കൂൾ കുട്ടികൾക്കും പ്രഭാത ഭക്ഷണം നൽകുന്നതിനാണ് മേൽ പ്രൊജക്ട് പ്രകാരം തുക വിനിയോഗിച്ചിരിക്കുന്നത്. ഗ്രാമപഞ്ചായത്തു പരിധിയിൽ മൂന്ന് സ്കൂളുകൾ മാത്രമേ സർക്കാർ സ്കൂളുകൾ ഉള്ളൂ. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ് മാത്രമല്ല ബിൽ നമ്പർ 2/17-18 തി.9-1-18 പ്രകാരം പിൻവലിച്ച 52600 രൂപയുടെ കാഷ് ബിൽ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി പ്രൊജക്ടുകൾ നടപ്പിലാക്കി വിശദീകരണം ലഭ്യമാക്കേണ്ടതും 52600 രൂപയുടെ കാഷ് ബിൽ പരിശോധനക്ക് ഹാജരാക്കേണ്ടതുമാണ്.

## 3-9 മാലിന്യ സംസ്കരണ മേഖലയിൽ പ്രൊജക്ടുകൾ നടപ്പിലാക്കിയില്ല

സാമ്പത്തിക വർഷത്തെ ചെലവുരേഖകൾ പരിശോധിച്ചതിൽ പഞ്ചായത്തു പ്രദേശത്തെ മാലിന്യമുക്തമാക്കുന്നതിന് ഉതകുന്ന പ്രൊജക്ടുകൾക്കൊന്നും തുക ചെലവഴിച്ചതായി കാണുന്നില്ല. മാലിന്യ നിർമ്മാർജനത്തിനായി സാമ്പത്തിക വർഷത്തിൽ ചുവടെ ചേർത്തിരിക്കുന്ന പ്രകാരം രണ്ട് പ്രൊജക്ടുകൾക്കാണ് തുക വകയിരുത്തിയിരുന്നു. എന്നാൽ തുകയൊന്നും ചെലവഴിച്ചില്ല.

| പ്രൊജക്ടുനമ്പർ/പേര് | നിർവഹണം | വകയിരുത്തിയ തുക | ചെലവുതുക | റാമാർക്സ് |
|---|---|---|---|---|
| 166/18-മാലിന്യ സംസ്കരണ സ്റ്റോറേജ് കെട്ടിട നിർമ്മാണം | എ.ഇ | 1169914 | - | - |
| 141/18 -പ്ലാസ്റ്റിക് ഷ്രഡിംഗ് യൂണിറ്റ് | വി.ഇ.ഒ | 750000 | - | ബ്ലോക്ക് വിഹിതം |

| | | | | |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്തിന് തുക കൈമാറൽ | | | | ലഭ്യമാക്കിയില്ല |

ജി.ഒ.(എം.എസ്) നമ്പർ 72/17 /ത.സ്വ.ഭ.വ. തി 29.3.17 ഖണ്ഡിക 12.12.1 (2) പ്രകാരം ഓരോ പ്രദേശത്തെയും മാലിന്യമുക്തമാക്കുന്നതിനായി ജൈവമാലിന്യം ഉറവിടവിടത്തിൽതന്നെ പരിപാലിക്കുക, അജൈവമാലിന്യം ശേഖരിച്ച് പുന:ചംക്രമണത്തിന് വിധേയമാക്കുന്നതിനുള്ള സൗകര്യങ്ങൾ സൃഷ്ടിക്കുക എന്നിവയായിരിക്കണം മാലിന്യ സംസ്കരണ പ്രവർത്തനങ്ങളുടെ സമീപനമെന്ന് നിഷ്കർഷിക്കുന്നുണ്ടെങ്കിലും ജൈവമാലിന്യങ്ങളുടെ ഉറവിട സംസ്കരണത്തിന് ഉതകുന്ന പ്രൊജക്ടുകൾ ഒന്നുംതന്നെ പഞ്ചായത്ത് ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടില്ല. ജൈവമാലിന്യ സംസ്കരണത്തിന് പ്രൊജക്ടുകൾ രൂപികരിക്കാത്തതിനും അജൈവമാലിന്യങ്ങളുടെ സംഭരണത്തിനും സംസ്കരണത്തിനും ഉതകുന്ന പ്രൊജക്ടുകൾകക് വകയിരുത്തിയ തുക ചെലവഴിക്കാതിരുന്നതിനും കാരണം വിശദമാക്കേണ്ടതാണ്.

## **3-10** ഭിന്നശേഷിയുള്ളവർക്ക് സ്കോളർഷിപ്പ് -ജില്ലാ പഞ്ചായത്ത് വിഹിതം മുഴുവൻ വിനിയോഗിച്ചില്ല

പ്രോജക്ട് നം-129/17-18

നിർവ്വഹണോദ്യോഗസ്ഥൻ – ഐ.സി.ഡി.എസ് സൂപ്പർവൈസർ

അടങ്കൽ – 1200000

ചെലവ് – 963000(ബിൽ നം-11/17-18 തിയ്യതി.23-01-2018 തുക – 542000/-
ചെക്ക് നം – 0585962/2-03-2018 തുക – 271000/-
ചെക്ക് നം – 0585964/23-03-2018 തുക – 150000/-)

12 ലക്ഷം രൂപ വകയിരുത്തിയ മേൽ പ്രോജക്ടിൽ ജില്ലാ പഞ്ചായത്ത് വിഹിതമായി വകയിരുത്തിയ 300000/- രൂപ യിൽ 1.5 ലക്ഷം രൂപ മാത്രമേ ഓഡിറ്റ് വർഷം വിനിയോഗിച്ചിട്ടുള്ളൂ. 31.03.2018 ന് ഈയിനത്തിൽ പഞ്ചായത്തിന് ലഭ്യമായ 1.5 ലക്ഷം രൂപ ടി സാമ്പത്തിക വർഷത്തിൽ വിനിയോഗിക്കുകയോ തുടർ വർഷത്തിൽ സ്പിൽ ഓവർ പ്രോജക്ടായി ഉൾപ്പെടുത്തുകയോ ചെയ്യാതെ ഗ്രാമ പഞ്ചയത്തിന്റെ സംയുക്ത പ്രോജക്ടുകൾക്കായുള്ള എക്കൌണ്ടിൽ ചെലവഴിക്കാതെ അവശേഷിക്കുന്നു. തുക പൂർണ്ണമായും ചെലവാക്കാതെ അവശേഷിക്കുന്നതിന് കാരണം വിശദമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവഴിക്കാതെ അവശേഷിക്കുന്ന 150000/- രൂപ ജില്ലാ പഞ്ചായത്തിലേക്ക് തിരികെ അടവാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-11 മുൻകൂറുകൾ ക്രമീകരിക്കാതെ അവശേഷിക്കുന്നു.

തിരുവല്ലൂർ ഗ്രാമപഞ്ചായത്തിലെ 2017-18 വർഷത്തെ അഡ്വാൻസ് രജിസ്റ്റർ പരിശോധിച്ചതിൽ താഴെ കൊടുത്തിരിക്കുന്ന മുൻകൂറുകൾ ക്രമീകരിക്കാതെ അവശേഷിക്കുന്നതായി കാണുന്നു.

| ക്രമ നം | നൽകിയ തീയ്യതി | ഇനം | തുക | ആർക്ക് നൽകി |
|---|---|---|---|---|
| 1 | 10.03.2015 | യാത്രാ ബത്ത | 1000 | സെക്രട്ടറി |

മുൻകൂർ തുക പലിശ സഹിതം തിരികെ ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-12 തെരുവ് വിളക്ക്,തെരുവ് ടാപ്പ്-സംയുക്ത പരിശോധന

## നടത്തിയിട്ടില്ല

തെരുവ് വിളക്കുകൾ, തെരുവ് ടാപ്പ് എന്നീ ഇനങ്ങളിലായി അടവാക്കുന്ന തുകയുടെ കൃത്യത പരിശോധിക്കുന്നതിന് കെ.എസ്.ഇ.ബി, കേരള വാട്ടർ അതോറിറ്റി എന്നിവരുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി അറിയിക്കണമെന്ന് 2016-17 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-10 ൽ നിർദ്ദേശിച്ചിരുന്നു. എന്നാൽ 2017-18 വർഷത്തിൽ ഇത്തരത്തിലുള്ള ഒരു പരിശോധനയും നടന്നതായി കാണുന്നില്ല.

പ്രവർത്തന ക്ഷമമല്ലാത്ത സ്ട്രീറ്റ് ലൈറ്റ്, സ്ട്രീറ്റ് ടാപ്പ് എന്നിവക്ക് തുക അടവാക്കുന്നത് ഒഴിവാക്കുന്നതിനും പഞ്ചായത്ത് ഫണ്ട് നഷ്ടപ്പെട്ട് പോകുന്നത് ഒഴിവാക്കുന്നതിനും സംയുക്ത പരിശോധന നടത്തേണ്ടത് അത്യാവശ്യമാണ്. സംയുക്ത പരിശോധന നടത്തിയിട്ടുണ്ടെങ്കിൽ, ആയതിന്റെ വിവരം അറിയിക്കേണ്ടതാണ്.

## 3-13 പുതുക്കിയ ശമ്പളത്തിന് ആനുപാതികമായി പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കുന്നില്ല.

ജീവനക്കാരുടെ ശമ്പള പരിഷ്കരണം നടത്തി 1.7.2014 മുതൽ 31.1.16 വരെയുള്ള കുടിശ്ശികയുടെ 2 ഗഡുക്കൾ പ്രൊവിഡന്റ് ഫണ്ടിൽ ലയിപ്പിച്ചതായി കാണുന്നുണ്ട്. എന്നാൽ 20. 1. 201 6 ലെ ശമ്പള പരിഷ്കരണ ഉത്തരവ് നം- 7/2016(പി) ഫിൻ ഖണ്ഡിക 48 (I) പ്രകാരം ജീവനക്കാരുടെ പുതുക്കിയ ശമ്പളത്തിനാനുപാതികമായി പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ടെങ്കിലും ആയത് അടവാക്കിയതായി കാണുന്നില്ല - 1.4.2013 ന് മുൻപ് സേവനത്തിൽ പ്രവേശിച്ച എല്ലാ ജീവനക്കാരുടെയും ശമ്പളം പുതുക്കിയ അടിസ്ഥാന ശമ്പളത്തിന് ആനുപാതികമായി പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-14 ദേശിയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിപ്രകാരം സാമ്പത്തിക വർഷം വരെ 5219 കുടുംബങ്ങളിൽ നിന്നായി 8289 പേർ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ആയതിൽ 2699 കുടുംബങ്ങളിൽ നിന്നായി 2841 പേർ തൊഴിലിനായി അപേക്ഷിക്കുകയും 2698 കുടുംബങ്ങളിലെ 2840 പേർ തൊഴിലിലേർപ്പെടുകയും ചെയ്തിട്ടുണ്ട്. ആക്ഷൻ പ്ലാൻ പ്രകാരം 373 പ്രവർത്തികൾക്കായി 34037000 രൂപ വകയിരുത്തിയതിൽ 325 പ്രവർത്തികളിലായി 18100980 രൂപ ചെലവഴിക്കപ്പെട്ടിട്ടുണ്ട്. സാമ്പത്തിക വർഷത്തിൽ 325 പ്രവർത്തികളിലൂടെ 69494 തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കപ്പെടുകയും തൊഴിലാളികളുടെ കൂലി ഇനത്തിൽ 18077088 രൂപ ചെലവഴിക്കപ്പെടുകയും ചെയ്തിട്ടുണ്ട്. 100 കുടുംബങ്ങൾക്ക് 100 തൊഴിൽ ദിനവും ലഭ്യമായിട്ടുണ്ട്. സാമ്പത്തിക വർഷത്തിൽ പൂർത്തീകരിച്ച പ്രവർത്തികളിൽ ഭൂരിഭാഗവും മണ്ണ് ജല സംരക്ഷണ പ്രവർത്തികളാണ്. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിപ്രകാരം തൊഴിലാളികളുടെ കൂലി രണ്ടാഴ്ചയിലൊരിക്കൽ നൽകേണ്ടതും യാതൊരു കാരണവശാലും മസ്റ്റർ റോൾ ക്ലോസ്

ചെയ്ത തിയ്യതി മുതൽ 15 ദിവസത്തിൽ അധികരിക്കാൻ പാടില്ലാത്തതുമാണ്. എന്നാൽ സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കിയ പ്രവർത്തികളിൽ ഒന്നും തന്നെ നിശ്ചിത സമയപരിധിക്കുള്ളിൽ തൊഴിലാളികളുടെ വേതന വിതരണം നടത്തിക്കാണുന്നില്ല. അപാകതയ്ക്ക് കാരണം വ്യക്തമാക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 300000 | ക്ഷീര കർഷകർക്ക് പാലിന് ഇൻസെന്റീവ് | 300000 | 0 |
| ജില്ലാ പഞ്ചായത്ത് | 2017-18 | 200000 | ക്ഷീര ഗ്രാമം | 100000 | 100000/- രൂപ ഗവ ഉത്തരവ് മുഖേന ട്രഷറി 30/03/2018 തുക പിൻവലിച്ചു |
| ജില്ലാ പഞ്ചായത്ത് | 2017-18 | 148750 | നെൽകൃഷി കൂലിച്ചെലവ് | 93500 | 55250/- രൂപ ഗവ ഉത്തരവ് മുഖേന |

| | | | | | |
|---|---|---|---|---|---|
| | | | | | ട്രഷറി 30/03/2018 തുക പിൻവലിച്ചു |
| തോടന്നൂർ ബ്ലോക്ക് | 2017-18 | 93500 | നെൽകൃഷി കൂലിച്ചെലവ് | 0 | 93500/-രൂപ ഗവ ഉത്തരവ് മുഖേന ട്രഷറി 30/03/2018 തുക പിൻവലിച്ചു |
| തോടന്നൂർ ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 271000 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥി കൾക്കുള്ള സ്കോളർഷിപ്പ് | 150000 | 150000 |
| കോഴിക്കോട് ജില്ലാ പഞ്ചായത്ത് | 2017-18 | 300000 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥി കൾക്കുള്ള സ്കോളർഷിപ്പ് | 150000 | 150000 |

| | | | | | |
|---|---|---|---|---|---|

## 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല.

## 4-4 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ് ഭവന പദ്ധതി 1 | 533/10 തീയതി 18/02/2010 | 12107500 | 3527800 | 3227800 | 0 | 300000/- |
| ഇ.എം.എസ് ഭവന പദ്ധതി 2 | 162/13 തീയതി 26/04/2013 | 1615291 | 595291 | 0 | 0 | 595291 |

## 4-5 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 3958761 |
| തൻവർഷം നിക്ഷേപിച്ച തുക | 355038 |

| | |
|---|---|
| ആകെ | 4313799 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 4313799 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| നിക്ഷേപത്തിന്റെ വിവരം | |
|---|---|
| മന്തരത്തൂർ കോ-ഓപ്പറേറ്റീവ് റൂറൽ ബേങ്ക് ലിമിറ്റഡ്, തിരുവള്ളൂർ ബ്രാഞ്ച് | 1100113 |
| മന്തരത്തൂർ കോ-ഓപ്പറേറ്റീവ് റൂറൽ ബേങ്ക് ലിമിറ്റഡ്, തിരുവള്ളൂർ ബ്രാഞ്ച് | 734952 |
| മന്തരത്തൂർ കോ-ഓപ്പറേറ്റീവ് റൂറൽ ബേങ്ക് ലിമിറ്റഡ്, തിരുവള്ളൂർ ബ്രാഞ്ച് | 1934984 |
| കെ.ഡി.സി ബേങ്ക്,തിരുവള്ളൂർ ബ്രാഞ്ച് | 543750 |
| ആകെ | 4313799 |

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല.

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ 23 പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം, ഖണ്ഡിക നം | സമാഹൃത റിപ്പോർട്ട് വർഷം, ഖണ്ഡിക | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|

| | | | |
|---|---|---|---|
| | നം | | |
| 1998-99 | 35 | മൺപാത്ര നിർമ്മാണ യൂണിറ്റ് പ്രവർത്തനം ഇതുവരെ ആരംഭിച്ചില | |
| 2000-01 | ----- | പൊതു വിഭാഗം – പോഷകാഹാര വിതരണം-ഭക്ഷണ സാധനങ്ങൾ വാങ്ങിയതിലെ അപാകതകൾ | |
| 2001-02 | ------ | പൊതു വിഭാഗം – പോഷകാഹാര വിതരണം – ഭക്ഷണ സാധനങ്ങൾ വാങ്ങിയതിലെ അപാകതകൾ | |
| 2002-13 | 2(1) | ഗ്രാമ പഞ്ചായത്തുകൾ – കെട്ടിട നികുതി, തൊഴിൽ നികുതി, തനത് വരുമാനം യഥാസമയം പിരിച്ചെടുക്കാത്തതിനാൽ കാലഹരണപ്പെട്ടു. | |
| 2002-03 | 3(4) | മണൽ വിൽപ്പന-റിവർ മാനേജ്മെന്റ് ഫണ്ട് അടച്ചതിന് കാഷ് രശീതി നൽകുന്നില്ല. | |

| | | | |
|---|---|---|---|
| 2002-03 | 3(2) | തനത് ഫണ്ടിൽ നിന്ന് കുടിവെള്ള ജലസേജന പദ്ധതികൾക്ക് വൈദ്യുതി ചാർജ്ജ് നൽകി. | |
| 2002-03 | 3(14) | സർക്കാർ നിർദ്ദേശങ്ങൾ ചട്ടങ്ങൾ സബ്സിഡി മാനദണ്ഡങ്ങൾ എന്നിവ പാലിച്ചില്ല. | |

## 4-8 തീർപ്പാക്കാനവശേഷിക്കുന്ന ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല.

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ നം. | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ് | സർചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നമ്പർ/ തീയതി) | റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാക്കിയ തുക (തീയതി) | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക/ ബാധ്യത | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക | | | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |
| 1 | 2007-08 | 3-14, 3-16 | ശ്രീ.മുഹമ്മദ് ഷെഫീഖ് സെക്രട്ടറി | എൽ.എഫ്./ 14922/SP Cell/CSC00/ 17.10.01 | 21403/- | - | - | - | - | -- | 21403/- | |

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 44509244 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 59671923 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 850000 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല.

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-6 | 700000 | ശ്രീ.മഹേഷ് കെ.കെ .<br>ഡയറി ഫാം ഇൻസ്ട്രക്ടർ<br>തോടന്നൂർ |
| 3-7 | 150000 | ശ്രീ.കൃഷ്ണകുമാകർ കെ.<br>അസിസ്റ്റന്റ് സെക്രട്ടറി |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/ തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.മഹേഷ്.കെ.കെ. ഡയറി ഫാം ഇൻസ്ട്രക്ടർ തോടന്നൂർ | ഡയറി ഫാം ഇൻസ്ട്രക്ടർ തോടന്നൂർ ബ്ലോക്ക് | കാഞ്ഞിരത്തിൻ കീഴിൽ ചോമ്പാല പി.ഒ കോഴിക്കോട് |
| ശ്രീ.കൃഷ്ണകുമാർ കെ. അസിസ്റ്റന്റ് സെക്രട്ടറി | സെക്രട്ടറി ബളാൽ ഗ്രാമപഞ്ചായത്ത് കാസർഗോഡ് | കൃഷ്ണാലയം, മൂടാടി പി.ഒ കോഴിക്കോട് |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1998-99 | കെ.എസ്എ/കെകെഡി/പി15/ 843/2018 തിയ്യതി.20/04/2018 | 3 | 35,38,39 |
| 1999-00 | കെ.എസ്എ/കെകെഡി/പി15/ 843/2018(1) തിയ്യതി.20/04/2018 | 3 | 35,36,37 |
| 2000-01 (പദ്ധതി) | കെ.എസ്എ/കെകെഡി/പി15/ 843/2018(2) | 1 | 7 |

| | | | |
|---|---|---|---|
| | തിയ്യതി.20/04/2018 | | |
| 2001-02 (പദ്ധതി) | കെ.എസ്എ/കെകെഡി/പി15/ 843/2018(5) തിയ്യതി.20/04/2018 | 9 | 6 മുതൽ 14 വരെ |
| 2002-03 | കെ.എസ്എ/കെകെഡി/പി15/ 843/2018(6) തിയ്യതി.20/04/2018 | 6 | 2-1,3-2,3-4, 3-6,3-14,3-9 |
| 2004-05 | കെ.എസ്എ/കെകെഡി/പി15/ 843/2018(8) തിയ്യതി.20/04/2018 | 2 | 3-1,3-5 |
| 2005-06 | കെ.എസ്എ/കെകെഡി/പി15/ 843/2018(9) തിയ്യതി.20/04/2018 | 2 | 3-2,3-7 |
| 2006-07 | കെ.എസ്എ/കെകെഡി/പി15/ 843/2018(10) തിയ്യതി.20/04/2018 | 14 | 3-2,3-3,3-4, 3-5,3-8, 3-11,3-13, 3-14, 3-15,3-16, 3-17,3-19, 3-20,4-3 |
| 2007-08 | എൽ.എഫ്/കെകെഡി/എസ്1/ 1069/2010 തിയ്യതി.14/07/2011 | 31 | 1-2,2-1 മുതൽ 2-7 വരെ, 2-9,2-10, 3-1 മുതൽ 3-21 വരെ |

| | | | |
|---|---|---|---|
| 2008-09 | കെ.എസ്എ/കെകെഡി/പി15/ 843/2018(11) തിയ്യതി.20/04/2018 | 18 | 2-3,2-4, 2-8,2-9, 3-3 മുതൽ 3-11 വരെ, 3-14(4) മുതൽ 3-17 വരെ, 3-19 |
| 2009-10& 2010-11 | എൽ.എഫ്/കെകെഡി/പി5/ 1296/2013 തിയ്യതി.11/11/2013 | 16 | 3-2 മുതൽ 3-5 വരെ, 3-7മുതൽ 3-9 വരെ, 3-12,3-13, 3-14,3-15, 3-18,3-19, 3-22,3-24, 3-25, |
| 2011-12& 2012-13 | എൽ.എഫ്/കെകെഡി/പി5/ 682/2014 തിയ്യതി.31/03/2015 | 19 | 1-2,1-3,2-1, 3-1 മുതൽ 3-14വരെ, 4-5,4-6 |
| 2013-14& 2014-15 | എൽ.എഫ്/കെകെഡി/പി5/ 1388/2014 തിയ്യതി.30/07/2016 | 21 | 2-1 മുതൽ 2-6 വരെ, 3-1 മുതൽ 3-15 വരെ |
| 2015-16 | കെ.എസ്.എ/കെ.കെ.ഡി/പി5/ 1952/2016/തി.06/06/2017 | 12 | 2-1 മുതൽ 2-5 വരെ, 3-1 മുതൽ |

| | | | |
|---|---|---|---|
| | | | 3-7 വരെ |
| 2016-17 | കെ.എസ്.എ/കെ.കെ.ഡി/പി5/ 1797/2017/തി.28/02/2018 | 19 | 2-1,2-2(1,2,3), 2-3 മുതൽ 2-7വരെ, 3-1 മുതൽ 3-10 വരെ |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്

## **അനുബന്ധം-1**

# ഓഡിറ്റ് സാക്ഷ്യപത്രം

കെ.എസ്.എ.കെ.കെ.ഡി.പി10/361/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,
സിവിൽ സ്റ്റേഷൻ, കോഴിക്കോട്
ഫോൺ-0495 2371012
ഇ-മെയിൽ:dokkd.ksad@kerala.gov.in

തീയ്യതി:23.03.2019

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(6), 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് / നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/ 2018/ത.സ്വ.ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും തിരുവള്ളൂർ ഗ്രാമപഞ്ചായത്ത് 2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു .

എന്റെ അഭിപ്രായത്തിൽ ഈ റിപ്പോർട്ടിൽ പരാമർശിച്ച അപാകതകൾ ഒഴികെ ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ സ്ഥാപനത്തിന്റെ 2017-18 ലെ വാർഷിക ധനകാര്യ പത്രിക കൃത്യവും പൂർണ്ണവുമായ വിവരം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്